



വഴിപിഴച്ച എല്ലാ ജനതകളെ സംബന്ധിച്ചും അവന്റെ വിധി അവരെ നശിപ്പിച്ചുകളയുക എന്നതു മാത്രമായിരിക്കുകയില്ല. ചിലരുടെ വിധി, വീണ്ടെടുക്കപ്പെടാനായിരിക്കും. ചിലരുടെ വിധി രാഷ്ട്രീയമോ സാമ്പത്തികമോ സാംസ്കാരികമോ ആയ പരാജയമായിരിക്കും. ചിലരുടെ ശിക്ഷ പരലോകത്തായിരിക്കും നടപ്പിലാവുക. അതൊക്കെ അല്ലാഹുവിന്റെ യുക്തിയുടെയും നീതിവ്യവസ്ഥയുടെയും താൽപര്യങ്ങളാണ്.

സൂറ-20

# താഹാ

**ആയത്ത് 128 മുതൽ 130 വരെ**

أَفَلَمْ يَهْدِ لَهُمْ كَمْ أَهْلَكْنَا قَبْلَهُم مِّنَ الْقُرُونِ يَمْشُونَ فِي مَسَاكِنِهِمْ إِنَّ
فِي ذَٰلِكَ لَآيَاتٍ لِّأُولِي النُّهَىٰ ﴿١٢٨﴾

**128.** പൂർവ കാലത്ത് എത്രയോ ജനതകളെ നാം ഉന്മൂലനം ചെയ്തിട്ടുള്ളത് ഇക്കൂട്ടർക്ക് വെളിച്ചം പകർന്നിട്ടില്ലെയോ? ആ നശിച്ചുപോയവരുടെ വാസ സ്ഥലങ്ങളിലൂടെ ഇവർ സഞ്ചരിക്കുന്നുണ്ടല്ലോ. തീർച്ചയായും ബുദ്ധിമാന്മാർക്ക് അതിൽ ധാരാളം പാഠങ്ങളുണ്ട്.

وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَكَانَ لِزَامًا وَأَجَلٌ مُّسَمًّى ﴿١٢٩﴾

**129.** നിന്റെ നാഥങ്കൽനിന്ന് നേരത്തെ ഒരു വചനവും നിശ്ചിതമായ അവധിയും ഇല്ലായിരുന്നുവെങ്കിൽ ഇവരുടെയും നാശം അനിവാര്യമായി സംഭവിച്ചുകഴിഞ്ഞേനേ.

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ
غُرُوبِهَا وَمِنْ آنَاءِ اللَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ لَعَلَّكَ تَرْضَىٰ ﴿١٣٠﴾

**130.** ആകയാൽ പ്രവാചകൻ ഇക്കൂട്ടരുടെ ജൽപനങ്ങൾ ക്ഷമിക്കുക. വിധാതാവിന്റെ സ്തുതി പ്രകീർത്തനം ചെയ്യുക. സൂര്യോദയത്തിന് മുമ്പ്, അസ്തമയത്തിനു മുമ്പും. നിശാവേളകളിലും അവനെ പ്രകീർത്തിക്കുക. പകലിന്റെ അറ്റങ്ങളിലും. നീ സംതൃപ്തനായേക്കും.

എത്രയോ = كَمْ അവർക്ക് മാർഗദർശനം ചെയ്തിട്ടില്ലെയോ (വെളിച്ചം പകർന്നിട്ടില്ലെയോ) = أَفَلَمْ يَهْدِ لَهُمْ
തലമുറകളാൽ (ജനതകളെ) = مِّنَ الْقُرُونِ നാം ഉന്മൂലനം ചെയ്തു(യ്തിട്ടുള്ളത്) = أَهْلَكْنَا
(നശിച്ചു പോയ) അവരുടെ വാസസ്ഥലങ്ങളിൽ(ലൂടെ) = فِي مَسَاكِنِهِمْ അവർ നടക്കുന്നു(ണ്ടല്ലോ) = يَمْشُونَ
(ധാരാളം) ദൃഷ്ടാന്തങ്ങൾ തന്നെ = لَآيَاتٍ തീർച്ചയായും അതിൽ ഉണ്ട് = إِنَّ فِي ذَٰلِكَ
ഒരു വചനം ഇല്ലായിരുന്നുവെങ്കിൽ = وَلَوْلَا كَلِمَةٌ ബുദ്ധിമാന്മാർക്ക് = لِّأُولِي النُّهَىٰ
നിന്റെ വിധാതാവിങ്കൽനിന്ന് = مِن رَّبِّكَ മുൻകടന്ന(നേരത്തെ) = سَبَقَتْ
അനിവാര്യമായതാകുമായിരുന്നു (അവരുടെ നാശം അനിവാര്യമായി സംഭവിച്ചുകഴിഞ്ഞേനേ) = لَكَانَ لِزَامًا
ആകയാൽ നീ (പ്രവാചകൻ) ക്ഷമിക്കുക = فَاصْبِرْ നിശ്ചിതമായ = مُّسَمًّى അവധിയും = وَأَجَلٌ
നീ പ്രകീർത്തനം ചെയ്യുക = وَسَبِّحْ അവർ പറയുന്നതിന്മേൽ (ഇക്കൂട്ടരുടെ ജൽപനങ്ങൾ) = عَلَىٰ مَا يَقُولُونَ

| | |
|---|---|
| بِحَمْدِ رَبِّكَ = നിന്റെ നാഥന്റെ സ്തുതികൊണ്ട് | قَبْلَ طُلُوعِ ٱلشَّمْسِ = സൂര്യോദയത്തിനു മുമ്പ് |
| وَقَبْلَ غُرُوبِهَا = അസ്തമയത്തിനു മുമ്പും | وَمِنْ ءَانَآيِ ٱلَّيْلِ = നിശാ വേളകളിലും |
| فَسَبِّحْ = നീ പ്രകീർത്തനം ചെയ്യുക | وَأَطْرَافَ ٱلنَّهَارِ = പകലിന്റെ അറ്റങ്ങളിലും |
| لَعَلَّكَ تَرْضَىٰ = നീ സംതൃപ്തനായേക്കും | |

## 128

പരലോകത്തെയും പ്രവാചകത്വത്തെയും പ്രവാചകന്മാർ പ്രബോധനം ചെയ്ത ധർമ സൂക്തങ്ങളെയും തള്ളിക്കളഞ്ഞ് ജഡികേഛകളെ മാത്രം പിന്തുടർന്ന് ജീവിക്കുന്നവരുടെ ദുരന്ത പൂർണമായ പരലോകഗതിയെക്കുറിച്ചുണർത്തിയ ശേഷം മുഹമ്മദ് നബിയുടെ പ്രഥമ പ്രബോധിതരായ മക്കാവാസികളെ സംബോധന ചെയ്യുകയാണ്: അവർ ഒരു വശത്ത് മുഹമ്മദ് നബിയെയും മുഹമ്മദീയ സന്ദേശങ്ങളെയും തള്ളിക്കളയുകയും അദ്ദേഹത്തെ കൊടിയ ദ്രോഹങ്ങൾക്കിരയാക്കുകയുമാണ്. മറുവശത്ത് ഈ ചെയ്തി ദൈവിക ശിക്ഷ ക്ഷണിച്ചുവരുത്തലാണ് എന്നുണർത്തുമ്പോൾ, എങ്കിൽ ആ ശിക്ഷയിങ്ങു കൊണ്ടുവാ എന്നു വെല്ലുവിളിക്കുകയും ചെയ്യുന്നു. അല്ലാഹു അവരോടു പറയുന്നു: വീണ്ടെടുക്കാനാവാത്തവിധം അസത്യത്തിലും അധർമത്തിലും ആണ്ടുപോകുന്ന ജനതകളെ അല്ലാഹു ഉന്മൂലനം ചെയ്യുമെന്ന് ഇനിയും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? നിങ്ങളുടെ ചുറ്റുപാടുകളിൽ തന്നെ ആദ്, ഥമൂദ് തുടങ്ങി അനേകം ജനപദങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. അവർ പാർത്തിരുന്ന ദേശങ്ങളിലൂടെ നിങ്ങൾ വ്യാപാര യാത്രകൾ നടത്തിക്കൊണ്ടിരിക്കുന്നു. ആ ജനതകളുടെ ശക്തിയുടെയും ധാടിയുടെയും മോടിയുടെയും അവശിഷ്ടങ്ങൾ നേരിൽ കാണുന്നുമുണ്ട്. നിങ്ങൾ പാരമ്പര്യമായി പറഞ്ഞുവരുന്ന കഥകളിലും പാടിവരുന്ന കവിതകളിലും അവരെക്കുറിച്ച് ധാരാളം പരാമർശങ്ങളുണ്ട്. സത്യവും ധർമവും സദാചാരവും നീതിയും മറന്ന് ജീവിച്ച ജനതകളായിരുന്നു അവരെല്ലാം. ആ നിലപാട് നിങ്ങൾ പിന്തുടർന്ന് കൂടാ എന്നും, പിന്തുടർന്നാൽ അവരുടേതു തന്നെയായിരിക്കും നിങ്ങളുടെയും ഗതിയെന്നും ആ നഷ്ടാവശിഷ്ടങ്ങൾ വിളിച്ചോതുന്നില്ലേ? ബുദ്ധിമാന്മാർക്ക് അതിൽനിന്ന് ഒരുപാട് ദൃഷ്ടാന്തങ്ങളുൾക്കൊള്ളാനുണ്ട്. മറ്റുള്ളവരുടെ ദുരന്തങ്ങളിൽനിന്ന് പാഠം പഠിക്കുന്നവരാണ് ബുദ്ധിമാന്മാർ; ആ ദുരന്തം സ്വയം നേരിടേണ്ടി വരുമ്പോൾ നോക്കാം എന്നു വിചാരിക്കുന്നവനല്ല. അങ്ങനെ വിചാരിക്കുന്നവരും തിര്യക്കുകളും തമ്മിൽ എന്താണന്തരം?

## 129

മുഹമ്മദ് നബി ദൈവദൂതനാണെങ്കിൽ അദ്ദേഹത്തെ നിഷേധിക്കുന്ന തങ്ങളിൽ ദൈവശിക്ഷ വന്നുകാണണമെന്നാവശ്യപ്പെട്ടവർക്കുള്ള മറുപടിയാണിത്. ഇവിടെ 'നേരത്തെയുള്ള ഒരു വചനം'-كلمة سبقت-കൊണ്ട് ഉദ്ദേശ്യം പ്രപഞ്ച കാര്യങ്ങളിൽ അല്ലാഹു ആദിയിൽ നിശ്ചയിച്ചുവച്ച നിയമവും ക്രമവുമാണ്. ആ നിയമ ക്രമമനുസരിച്ചേ ഈ ലോകത്ത് എന്തും നടക്കുന്നുള്ളൂ. ഏതെല്ലാം സത്യനിഷേധികളെ, എപ്പോൾ, എങ്ങനെ ശിക്ഷിക്കണമെന്ന് അവൻ നേരത്തെ വിധിച്ചുവച്ചിട്ടുണ്ട്. അവൻ ശിക്ഷ വിധിച്ചവരേ ശിക്ഷിക്കപ്പെടൂ. ശിക്ഷിക്കപ്പെടുന്നത് അവൻ നിശ്ചയിച്ച സമയത്തു മാത്രമായിരിക്കും. അവിവേകിയായ മനുഷ്യൻ ആവശ്യപ്പെടുന്നതനുസരിച്ച് ആരെയും നിശ്ചിത അവധിക്കു മുമ്പ് ശിക്ഷിക്കുകയില്ല. ആരുടെയും ശിക്ഷ നീട്ടിവെക്കുകയുമില്ല. ശിക്ഷ വിധിക്കപ്പെടാത്തവർ ശിക്ഷിക്കപ്പെടുകയുമില്ല. ഈ ആശയം ഖുർആൻ പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ إِلَىٰٓ أَجَلٍ مُّسَمًّى لَّقُضِىَ بَيْنَهُمْ (നിന്റെ നാഥങ്കൽനിന്ന് നിർണിതമായ ഒരവധി വരെയുള്ള വചനമില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ ഇപ്പോൾ തന്നെ വിധി നടത്തപ്പെട്ടിട്ടുണ്ടാകുമായിരുന്നു- *അശ്ശൂറാ* 14).

لَوْ يُؤَاخِذُهُم بِمَا كَسَبُوا۟ لَعَجَّلَ لَهُمُ ٱلْعَذَابَ ۚ بَل لَّهُم مَّوْعِدٌ لَّن يَجِدُوا۟ مِن دُونِهِۦ مَوْئِلًا

(മർത്യചെയ്തികളുടെ പേരിൽ വേഗം പിടികൂടണമെന്നുണ്ടായിരുന്നുവെങ്കിൽ അവൻ ഉടനെത്തന്നെ അവരിൽ ശിക്ഷയിറക്കുമായിരുന്നു. പക്ഷേ, അവർക്ക് നിർണിതമായ ഒരു വാഗ്ദത്ത സമയമുണ്ട്. അതിൽനിന്ന് ഓടിയൊളിക്കാൻ ഒരിടവും കണ്ടെത്താൻ അവർക്കാവില്ല-18:58).

വഴിപിഴച്ച എല്ലാ ജനതകളെ സംബന്ധിച്ചും അവന്റെ വിധി അവരെ നശിപ്പിച്ചുകളയുക എന്നതു മാത്രമായിരിക്കുകയില്ല. ചിലരുടെ വിധി, വീണ്ടെടുക്കപ്പെടാനായിരിക്കും. ചിലരുടെ വിധി രാഷ്ട്രീയമോ സാമ്പത്തികമോ സാംസ്കാരികമോ ആയ പരാജയമായിരിക്കും. ചിലരുടെ ശിക്ഷ പരലോകത്തായിരിക്കും നടപ്പിലാവുക. അതൊക്കെ അല്ലാഹുവിന്റെ യുക്തിയുടെയും നീതിവ്യവസ്ഥയുടെയും താൽപര്യങ്ങളാണ്. മക്കയിലെ അവിശ്വാസികളുടെ ശിക്ഷക്ക് നീണ്ട അവധി വച്ചതിന്റെ താൽപര്യങ്ങളിലൊന്ന്, അവരിലധികപേരും പിന്നീട് സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കപ്പെടേണ്ടവരായിരുന്നുവെന്നതാണ്. മക്കാ വിമോചനത്തെത്തുടർന്ന് ഖുറൈശികൾ ഒന്നടങ്കം വിശ്വാസികളായിത്തീർന്നു. അവരിൽ ധാരാളം പേർ പിൽക്കാലത്ത് ഇസ്‌ലാമിന് മഹത്തായ സേവനങ്ങളർപ്പിക്കുകയും ചെയ്തു. എന്നാൽ അവരിൽ അനിവാര്യമായും ശിക്ഷിക്കപ്പെടേണ്ടവർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അത് കൂട്ടനശീകരണത്തിലൂടെയായിരുന്നില്ല. യുദ്ധത്തിൽ കൊല്ലപ്പെടുന്നതിലൂടെയും അടിമകളാക്കപ്പെടുന്നതിലൂടെയുമായിരുന്നു. لَكَانَ لِزَامًا എന്ന വാക്യത്തെയാണ് 'അവരുടെ നാശം അനിവാര്യമായും സംഭവിച്ചുകഴിഞ്ഞേനേ' എന്ന് തർജമ ചെയ്തിട്ടുള്ളത്. ഇവിടെ كان ക്ക് ശേഷം 'അവരുടെ നാശം' എന്നർഥമുള്ള ഒരു പദം അനുക്തമായിട്ടുണ്ട് എന്ന സങ്കൽപത്തിലാണിത്. അനുക്തപദം اهلاك ആണെന്ന് മുൻസൂക്തത്തിലെ أهلكنا എന്ന വാക്കിൽനിന്നു മനസ്സിലാക്കാവുന്നതാ

ണ്. 'അത്യാവശ്യമായി,' 'അനിവാര്യമായി,' 'സ്ഥിരപ്പെട്ട' തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന لِزَم യുടെയും لاَزَم യുടെയും ക്രിയാമൂലമാണ് لِزام . ഇവിടെ ഇത് ഉപയോഗിച്ചിരിക്കുന്നത് لاَزِم എന്ന കർതൃപദത്തിന്റെ സ്ഥാനത്താണ്.

ഇവിടെ നിശ്ചിതമായ അവധി-اجل مسمّى-എന്നുപറഞ്ഞത് അന്ത്യനാളിനെക്കുറിച്ചുമാവാം. സമ്പൂർണമായ നീതി നടപ്പാകുന്നതും എല്ലാവർക്കും അവരർഹിക്കുന്ന രക്ഷാശിക്ഷകൾ ലഭിക്കുന്നതും അന്നാണല്ലോ. അല്ലാഹു നേരത്തെ നിശ്ചയിച്ചുവച്ചിട്ടുള്ള സമയത്ത് അതു നടക്കുക തന്നെ ചെയ്യും. അതിന്റെ ആഗമനത്തിൽ ആർക്കും ഒരു സംശയവും വേണ്ട. പ്രവാചകന്മാർ നേരിട്ടുവന്ന് സത്യപ്രബോധനം നടത്തിയിട്ടും അവരെ തള്ളിക്കളഞ്ഞ് അസത്യത്തിലും അധർമത്തിലും മൂന്നേറുന്ന സമുദായങ്ങളെയാണ് അല്ലാഹു ഈ ലോകത്തുവെച്ച് കൂട്ടത്തോടെ നശിപ്പിച്ചു ശിക്ഷിക്കാറുള്ളത്. മുഹമ്മദീയ സമുദായത്തിന് അത്തരം ശിക്ഷ വിധിച്ചിട്ടില്ല. അദ്ദേഹത്തെ വളരെപ്പേർ തള്ളിപ്പറഞ്ഞുവെങ്കിലും വളരെപ്പേർ വിശ്വസിക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ വിശ്വസിച്ചവർക്ക് രക്ഷയും നിഷേധിച്ചവർക്ക് ശിക്ഷയും പരലോകത്തുവെച്ചു നൽകാനാണ് നിശ്ചയിച്ചിട്ടുള്ളത്.

## 130

പ്രബോധകൻ പ്രതിയോഗികളുടെ ആക്ഷേപ ശകാരങ്ങളും മുട്ടുന്യായങ്ങളും കുരുട്ടു ചോദ്യങ്ങളുമെല്ലാം ക്ഷമയോടെ, സഹനത്തോടെ നേരിടണമെന്ന് കൽപിക്കുകയാണ്. ഖുർആൻ മുന്നോട്ടുവെക്കുന്ന അതിപ്രധാനമായ മൂല്യമാണ് ക്ഷമ. ഈമാനിന്റെ പകുതിയാണ് ക്ഷമ എന്ന് മുഹമ്മദ്(സ) പ്രസ്താവിച്ചിട്ടുണ്ട്. സത്യവിശ്വാസികൾ-ദീനീ പ്രവർത്തകർ വിശേഷിച്ചും-ഏറെ ഗൗരവത്തോടെ പരിഗണിക്കേണ്ട പാഠമാണിത്. ചിലയാളുകൾ കരുതുന്നതുപോലെ പ്രയാസങ്ങളോടും പ്രതിയോഗികളോടും പ്രതികരിക്കാതിരിക്കുകയല്ല ക്ഷമ. സഹനവും സ്ഥൈര്യവും ധൈര്യവും ശുഭപ്രതീക്ഷയും ഉൾച്ചേർന്ന സുദൃഢമായ ഒരു മനോഭാവമാണത്. സംഭവിക്കുന്നതെല്ലാം അല്ലാഹുവിന്റെ ഇഛ-مشيئة അനുസരിച്ച് സംഭവിക്കുന്നതാണ്. അല്ലാഹുവിന്റെ ഇഛയാവട്ടെ ആത്യന്തികമായി നന്മയിലധിഷ്ഠിതമാകുന്നു. അല്ലാഹു തന്നോടാവശ്യപ്പെട്ടതെന്തോ അതു ചെയ്യുകയാണ് തന്റെ കടമ. ഈ വിശ്വാസമാണ് ക്ഷമ-صبر-ന്റെ അടിത്തറ. സത്യവിശ്വാസിയുടെ അജയ്യമായ ശക്തിയും ആയുധവുമാണിത്. ഈ ആയുധം കൈയിലുള്ളവരെ ചിലപ്പോൾ കൊല്ലാൻ കഴിഞ്ഞേക്കാം. പക്ഷേ ആർക്കും തോൽപിക്കാനാവില്ല. പ്രലോഭനങ്ങൾക്കോ പ്രകോപനങ്ങൾക്കോ വശംവദരായി പതറിപ്പോവുകയും ഉപരിസൂചിതമായ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ച് അല്ലാഹു ആവശ്യപ്പെട്ടതിനു വിരുദ്ധമായ കർമമാർഗം കൈക്കൊള്ളാൻ തയാറാവുകയുമാണ് അക്ഷമ. ക്ഷമയുടെ ശക്തിയും മഹത്വവും മനസ്സിലാക്കാത്തവർ അതിനെ ദൗർബല്യവും ഭീരുത്വവുമായി തെറ്റിദ്ധരിക്കുന്നു. അത്തരമാളുകൾ ദീനീ പ്രവർത്തനരംഗത്തെത്തുമ്പോൾ പ്രതിയോഗികളെ നേരിടാൻ മുൻ-പിൻ നോക്കാതെ മാരകായുധങ്ങളെടുക്കുന്നു. ദീനിനെ, പ്രവാചകനെ, ഖുർആനിനെ ഒക്കെ ആക്ഷേപിക്കുന്നവരുടെ കഥ കഴിക്കണം. അല്ലെങ്കിൽ കൈകാലുകൾ വെട്ടിമാറ്റുകയെങ്കിലും വേണം എന്നാണവർ ചിന്തിക്കുക. അല്ലാഹു പ്രവാചകനോട് ക്ഷമിക്കാൻ കൽപിക്കുകയും പ്രവാചകൻ ഉദാരമായി ക്ഷമിക്കുകയും ചെയ്ത ആക്ഷേപങ്ങളുടെ പേരിലാണ് തങ്ങൾ വാളെടുക്കുന്നതെന്ന് അവർ ഓർക്കുകയില്ല. അപൂർവമാണെങ്കിലും അത്തരം ചിലർ ഇന്നും വിശ്വാസികളുടെ കൂട്ടത്തിലുണ്ട്. അവർ മൂലം ദീനിനും ഉമ്മത്തിനും സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ ചില്ലറയല്ല. അതുകൊണ്ടാണ് ഖുർആൻ അടിക്കടി ക്ഷമയുപദേശിക്കുന്നതും ക്ഷമിക്കുന്നവരോടൊപ്പം അല്ലാഹു ഉണ്ടെന്നുണർത്തുന്നതും. ക്ഷമയും സഹനവും ദീനിപ്രവർത്തന വിജയത്തിന്റെ എന്നപോലെ മനുഷ്യവർഗത്തിന്റെ പൊതുവായ ക്ഷേമത്തിന്റെയും വികാസത്തിന്റെയും കൂടി ഉപാധിയാണ്. മനുഷ്യൻ ഏതു രംഗത്തും നേടിയിട്ടുള്ള എല്ലാ വിജയങ്ങളുടെയും പിന്നിൽ അചഞ്ചലമായ ക്ഷമയുടെയും സഹനത്തിന്റെയും കഥകളുണ്ട്. ഖുർആൻ പറഞ്ഞു: "കാലമാണ, മനുഷ്യർ മഹാനഷ്ടത്തിൽ തന്നെയാകുന്നു; സത്യധർമങ്ങളംഗീകരിച്ചവരും സൽകർമങ്ങളാചരിച്ചവരും പരസ്പരം സത്യവും ക്ഷമയും ഉപദേശിച്ചവരുമൊഴിച്ച്" (103:1-3). رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرًا وَثَبِّتۡ أَقۡدَامَنَا (നാഥാ ഞങ്ങളിൽ സഹനശക്തി ചൊരിഞ്ഞു തരേണമേ, ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചുനിർത്തേണമേ-2:250), رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرًا وَتَوَفَّنَا مُسۡلِمِينَ (നാഥാ, ഞങ്ങളിൽ സഹനശക്തി ചൊരിഞ്ഞുതരേണമേ, ഞങ്ങളെ മുസ്‌ലിംകളായി മരിപ്പിക്കേണമേ-7:126) എന്നിങ്ങനെയുള്ള പ്രാർഥനകളും ഖുർആനിൽ കാണാം. ക്ഷമയുടെ അഭാവത്തിൽ പാദങ്ങൾ ഈമാനിൽനിന്നു വ്യതിചലിച്ചുപോയേക്കുമെന്നും മുസ്‌ലിംകളല്ലാത്തവരായി മരിക്കാനിടയായേക്കുമെന്നും സൂചിപ്പിക്കുന്നുണ്ട് ഈ പ്രാർഥനാ വാക്യങ്ങൾ.

ക്ഷമയുടെയും സഹനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ, ഇസ്‌ലാം യുദ്ധം കൽപിച്ചിട്ടില്ലേ, സത്യനിഷേധികളെ സായുധമായി നേരിടാൻ കൽപിച്ചിട്ടില്ലേ, അതുകൊണ്ട് ഇസ്‌ലാമിന്റെ ശത്രുക്കളോട് യുദ്ധം ചെയ്യുക തന്നെ വേണം എന്ന് വാദിക്കുന്ന ചിലരുണ്ട്. ശരിയാണ്. അനിവാര്യമായ സാഹചര്യങ്ങളിൽ ഖുർആൻ അതിന്റെ അനുയായികളോട് സായുധ സമരത്തിന് കൽപിച്ചിട്ടുണ്ട്. യുദ്ധം അനിവാര്യമായ സാഹചര്യം ഏതാണ്, യുദ്ധം ചെയ്യേണ്ടിവരികയാണെങ്കിൽ അതെങ്ങനെ, എപ്പോൾ, ആരുടെ നേതൃത്വത്തിൽ ചെയ്യണം എന്നതിനൊക്കെ കണിശമായ വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകൾ അവധാനപൂർവം മനസ്സിലാക്കാൻ പോലും ക്ഷമയില്ലാത്തവരാണ് ഇന്ന് ഇസ്‌ലാമിന്റെ പാവനമായ ജിഹാദിനെ അഭിശപ്തമായ ഭീകര പ്രവർത്തനമാക്കി മാറ്റുന്നത്.

ക്ഷമയും സഹനവും അവക്കാധാരമായ വിശ്വാസവും മനസ്സിൽ സദാ സജീവമാക്കി നിർത്താനുള്ള ഏറ്റം ഫലപ്രദമായ മാധ്യമമാണ് നമസ്കാരം. وَٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِ -"ക്ഷമകൊണ്ടും നമസ്കാരം കൊണ്ടും ദൈവസഹായം തേടുവിൻ" എന്ന് ഖുർആൻ ആവർത്തിച്ചുപദേശിക്കുന്നുണ്ട് (2:45,153). കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ കാണുക. ഇവിടെ وَسَبِّحۡ بِحَمۡدِ رَبِّكَ

എന്നുപറയുന്നതും നമസ്കാരത്തെ സംബന്ധിച്ചാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. سَبِّحْ ന്ന് അല്ലാഹുവിന്റെ വിശുദ്ധിയെ, അതായത് അവന്റെ അത്യുന്നതാവസ്ഥക്ക് നിരക്കാത്ത ന്യൂനതകളിൽ നിന്നും ഗുണങ്ങളിൽനിന്നും അവൻ തികച്ചും പരിശുദ്ധനാണെന്ന് വാഴ്ത്തുക എന്നും അർഥമാക്കാം. അപ്പോൾ بِحَمْدِ رَبِّكَ യുടെ ആശയം 'നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം' എന്നാകും. അല്ലാഹുവിന്റെ സദ്ഗുണങ്ങളെയെല്ലാം സമ്മതിക്കലാണ് حمد. അവനിൽനിന്ന് സകലമാന ന്യൂനതകളെയും നിഷേധിക്കൽ തസ്ബീഹും.

തുടർന്ന് പറയുന്നത് തസ്ബീഹിന്റെയും തഹ്മീദിന്റെയും സമയങ്ങളാണ്. നമസ്കാരത്തിൽ മുഖ്യമായി ചെയ്യുന്നത് ദിക്റുല്ലാഹ്-അല്ലാഹുവിനെ സ്തുതിക്കലും വാഴ്ത്തലും ആണല്ലോ. സമയ നിർണിതമായ തസ്ബീഹും തഹ്മീദുമാണ് നമസ്കാരം. തുടർന്നുള്ള സൂക്തത്തിലെ 'നിന്റെ കുടുംബത്തോട് നമസ്കാരം കൽപിക്കുകയും സ്വയം അതിൽ സ്ഥിരനിഷ്ഠനാവുകയും ചെയ്യുക' എന്ന വാക്യം ഈ അർഥത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. സൂറഃ ഹൂദ്:114, സൂറഃ അൽഇസ്റാഅ് 78,79 സൂക്തങ്ങളിൽ പരാമർശിച്ച നമസ്കാര സമയങ്ങൾ മറ്റൊരു രീതിയിൽ പറഞ്ഞിരിക്കുകയാണിവിടെ. സൂര്യോദയത്തിനുമുമ്പും സൂര്യാസ്തമയത്തിനു മുമ്പുമുള്ള നമസ്കാരങ്ങൾ സുബ്ഹും മഗ്രിബുമാണ്. നിശാ വേളകളിലുള്ള നമസ്കാരം ഇശാഉം തഹജ്ജുദും. തഹജ്ജുദ് നമസ്കാരം വിശ്വാസികൾക്ക് നിർബന്ധമല്ലെങ്കിലും പുണ്യമേറിയ ഐഛിക ആരാധനയാണ്. ആദ്യ കാലത്ത് പ്രവാചകൻ അത് നിർബന്ധമായി കൽപിക്കപ്പെട്ടിരുന്നതുമാണ്.

يَٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾ قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾ نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾ أَوْ زِدْ عَلَيْهِ

"അല്ലയോ മൂടിപ്പുതച്ചുറങ്ങുന്നവനേ, രാത്രി എഴുന്നേറ്റു നമസ്കരിക്കുക പകുതി രാത്രി. അതിൽ അൽപം കൂട്ടുകയോ കുറക്കുകയോ ചെയ്യാം..." (73:1-4). നിശാ നമസ്കാരങ്ങളുടെ പ്രാധാന്യം പ്രത്യേകം സൂചിപ്പിക്കാനാണ്-فسبح-എന്ന വാക്ക് ആവർത്തിച്ചതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു, أَطْرَافَ ٱلنَّهَارِ ൽ ഉദയ സമയവും മധ്യാഹ്ന സമയവും അസ്തമന സമയവും ഉൾപ്പെടുന്നു. നേരത്തെ قَبْلَ طُلُوعِ ٱلشَّمْسِ -ഉദയത്തിനുമുമ്പ്-എന്ന് പരാമർശിച്ച സുബ്ഹ് നമസ്കാരവും ളുഹ്ർ നമസ്കാരവും മഗ്രിബ് നമസ്കാരവുമാണ് ഇതുകൊണ്ടുദ്ദേശ്യം. പകലിനെ വൃദ്ധിഘട്ടവും ക്ഷയഘട്ടവുമായി ഭാഗിക്കുമ്പോൾ വൃദ്ധിഘട്ടത്തിന്റെ അവസാനവും ക്ഷയഘട്ടത്തിന്റെ ആരംഭവുമാണല്ലോ മധ്യാഹ്നം. ഈ വിധം അഞ്ച് നമസ്കാരങ്ങളുടെ സമയം ഖുർആൻ നിർണയിച്ചിരിക്കുന്നു. ഈ സമയങ്ങളുടെ പരിധികളും പരിമിതികളും വിശദീകരിച്ചത് നബി (സ)യാണ്. ഓരോ നമസ്കാരത്തിന്റെയും രൂപവും രീതിയുമൊക്കെ പ്രായോഗികമായി കാണിച്ചുതന്നതും തിരുമേനി തന്നെ. ഖുർആനിന്റെ പ്രായോഗിക രൂപം കാണിച്ചുതരേണ്ടത് നബിയുടെ ഉത്തരവാദിത്തമാണ്. അതിനുവേണ്ടി കൂടിയാണല്ലോ അദ്ദേഹം നിയുക്തനായത്.

ഈ സന്ദർഭത്തിൽ നമസ്കാരത്തെ ഊന്നിപ്പറഞ്ഞത് സഹനശക്തിയും സ്ഥൈര്യവും ആർജിക്കുന്നതിനുള്ള മാർഗം എന്ന നിലയിലാണെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. സത്യാസത്യ സംഘട്ടനം ഏറെ രൂക്ഷവും സങ്കീർണവുമായ സന്ദിഗ്ധ ഘട്ടത്തിലാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രയാസങ്ങളും പ്രതിബന്ധങ്ങളും അടിയുറച്ചുനിന്ന് നേരിടാനും അല്ലാഹുവിന്റെ കാരുണ്യത്തിനും സഹായത്തിനും അർഹരായിത്തീരാനുമുള്ള ഉപാധി പ്രവാചകന്നും അദ്ദേഹം മുഖേന മുസ്ലിം ഉമ്മത്തിനും ഉപദേശിക്കുകയാണീ സൂക്തങ്ങൾ. പ്രതിസന്ധി ഘട്ടങ്ങളിൽ ഫർദു നമസ്കാരങ്ങൾ മാത്രം പോരാ, സാഹചര്യം അനുവദിക്കുന്നിടത്തോളം ഐഛിക നമസ്കാരവും അനുഷ്ഠിച്ചുകൊണ്ടിരിക്കണം. ഫർദ് നമസ്കാരമാകട്ടെ ശത്രുക്കളെ അഭിമുഖീകരിച്ച് യുദ്ധം ചെയ്യുമ്പോൾ പോലും ഉപേക്ഷിച്ചുകൂടാ. നമസ്കാരത്തെയും അതിന്റെ സമയങ്ങളെയും പരാമർശിക്കുമ്പോൾ ഫർദ് നമസ്കാരമെന്ന് പ്രത്യേകം പറയാതിരിക്കുന്നത് തഹജ്ജുദ് ഉൾപ്പെടെയുള്ള ഐഛിക നമസ്കാരങ്ങളെയും ഉദ്ദേശിക്കുന്നതുകൊണ്ടാണ്. പ്രവാചകചര്യയിൽനിന്നും പൂർവികരായ പുണ്യാത്മാക്കളുടെ കർമമാതൃകയിൽനിന്നും ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. സാധാരണഗതിയിൽ ഐഛികമായ തഹജ്ജുദ് പ്രതിസന്ധി ഘട്ടങ്ങളിൽ പ്രധാനമായിത്തീരും. വിചിത്രമെന്നു പറയട്ടെ പ്രതിസന്ധികളെ നേരിടുന്ന തിരക്കിൽ ഫർദ് നമസ്കാരം പോലും മറന്നുപോവുകയാണ് ചിലർ.

لَعَلَّكَ تَرْضَىٰ എന്ന വാക്യത്തിന് രണ്ട് ആശയമുണ്ട്. രണ്ടും ഇവിടെ ഉദ്ദേശ്യമാണ്. ഒന്ന്, പ്രയാസമേറിയ സന്ദിഗ്ധ ഘട്ടങ്ങളിൽ മേൽപറഞ്ഞ സമയങ്ങളിലെല്ലാം നമസ്കാരത്തിലേർപ്പെട്ടുകൊണ്ട് സർവതും അല്ലാഹുവിൽ സമർപ്പിച്ച് അവന്റെ അനുഗ്രഹം തേടിക്കൊണ്ടിരുന്നാൽ നീ ഭയവിഭ്രാന്തികളിൽനിന്ന് മുക്തനും ശാന്തചിത്തനും സംതൃപ്തനുമായിത്തീരും. രണ്ട്, ഇപ്പോൾ നീ ക്ലേശിതനും അസ്വസ്ഥനുമാണെങ്കിലും അധികം താമസിയാതെ അല്ലാഹു നിന്നെ സ്വാസ്ഥ്യം കൊണ്ടും സംതൃപ്തി കൊണ്ടും അനുഗ്രഹിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സ്വന്തം ദൗത്യവുമായി മുന്നോട്ടുപോവുക. നമസ്കാരത്തിൽ ജാഗ്രത പാലിക്കുക. അല്ലാഹു ഇഹത്തിലും പരത്തിലും നിനക്ക് വിജയം പ്രദാനം ചെയ്യും. മറ്റുചില സ്ഥലങ്ങളിലും ഖുർആൻ ഈ സുവിശേഷം നൽകിയിട്ടുണ്ട്. وَلَسَوْفَ يُعْطِيكَ رَبُّكَ فَتَرْضَىٰٓ (നിന്റെ നാഥൻ നിനക്ക് തരുന്നുണ്ട്, അപ്പോൾ നീ സംതൃപ്തനായിക്കൊള്ളും-93:5). തഹജ്ജുദ് നമസ്കാരം കൽപിച്ചുകൊണ്ട് പറയുന്നു: عَسَىٰٓ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا (നിന്റെ നാഥൻ നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്കുയർത്തിയേക്കും-17:79). വിജയ സൗഭാഗ്യങ്ങൾക്കുവേണ്ടി അല്ലാഹുവല്ലാത്ത മറ്റാരിലും നോട്ടമിടേണ്ട കാര്യമില്ല എന്നുണർത്തുകയാണ് അല്ലാഹു. ബദ്റും മക്കാ വിമോചനവുമൊക്കെ ഈ സുവിശേഷത്തിന്റെ സാഫല്യമായി കണക്കാക്കപ്പെടുന്നു. ■